(ഇ) ഈ ഉത്തരവിനെ പി. എസ്. സി. മാനിച്ചുവോ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ)—(എഫ്) വിവരം ശേഖരിച്ച് നൽകുന്നതാണ്.

വേണ്ടത്ര ഉദ്യോഗാർത്ഥികൾ ഇല്ലാതിരുന്ന റാങ്ക് ലിസ്റ്റ്

19 [3712] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:*
,, *എൻ. ഡി. അപ്പച്ചൻ:*
,, *കെ. സി. ജോസ്ഫ്:*
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള വേക്കൻസികളുടെ എണ്ണം കണക്കാക്കി, ഭാവിയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകൾകൂടി കൂട്ടി ആകെ ആവശ്യം വന്നേക്കുമെന്നു കരുതപ്പെടുന്ന എണ്ണങ്ങളുടെ വിവരം പി. എസ്. സി. യെ അറിയിക്കുമ്പോൾ അത്രയും എണ്ണംപോലും ഉദ്യോഗാർത്ഥികൾ ഇല്ലാത്ത അഡൈസ് ലിസ്റ്റ് പി. എസ്. സി. ഉണ്ടാക്കിയ സംഭവം ഇക്കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഉദ്യോഗങ്ങളിലേക്കുള്ള നിയമനത്തിനാണ് ഇപ്രകാരമുള്ള ലിസ്റ്റ് ഉണ്ടാക്കിയത്?

ഉത്തരം

(എ) & (ബി) പി. എസ്. സി. യിൽനിന്നും വിവരം ശേഖരിച്ചു വരുന്നു.

ഇടുക്കി ജില്ലയിലെ എൽ. ഡി. ക്ളാർക്ക് ഒഴിവുകൾ നികത്തുവാൻ നടപടി

20 [3713] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ എൽ. ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; പ്രസ്തുത റാങ്ക് ലിസ്റ്റിൽ എത്ര പേരാണ് ഉൾപ്പെട്ടിട്ടുള്ളത്.

(ബി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന സമയത്ത് ജില്ലയിൽ എൽ. ഡി. ക്ലാർക്കിന്റെ എത്ര ഒഴിവുകളാണ് പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിലവിൽ നിയമനം നൽകിയിട്ടുണ്ട്; എത്ര പേർക്ക് നിലവിൽ അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട്;

(ഡി) ഇപ്പോൾ എത്ര പേരുടെ ഒഴിവാണ് ജില്ലയിൽ ഉള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഒഴിവുകൾ അടിയന്തിരമായി പി. എസ്.-സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ വകുപ്പുകൾക്ക് സർക്കാർ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)—(സി) പി. എസ്. സി. യിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

(ഡി) & (ഇ) വിവരം ശേഖരിച്ചുവരുന്നു.

വിവിധ വകുപ്പുകളിലേക്കുള്ള ഓപ്ഷൻ

21 [3714] *ശ്രീ. റോഷി അഗസ്റ്റിൻ:*
,, *തോമസ് ചാഴികാടൻ:*
,, *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. യിലൂടെ വിവിധ വകുപ്പുകളിലേക്ക് നിയമനം ലഭിക്കുന്നവർക്ക് പ്രൊമോഷൻ സാദ്ധ്യത വിവിധ രീതിയിലാണെന്നുള്ള സംഗതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഉദ്യോഗാർത്ഥികളുടെ ഭാവിയെ ബാധിക്കുന്ന ഇക്കാര്യം പരിശോധിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) പി. എസ്. സി. യുടെ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുമ്പോൾ ഉദ്യോഗാർത്ഥികൾക്ക് വിവിധ വകുപ്പുകളിലേക്ക് ഓപ്ഷൻ നൽകുവാൻ സൗകര്യം കൊടുക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) ഈ വിഷയത്തിൽ പ്രായോഗിക വശം പി. എസ്. സി. യുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly